(എച്ച്) പ്രസ്തുത കരാർപ്രകാരം ജനറേറ്ററുകൾ മാറ്റുകയല്ല ചെയ്യുന്നത്. ഒട്ടേറെ ഉപകരണങ്ങൾ മാറ്റി നവീകരണം നടത്തുകയാണ്. മാത്രമല്ല കരാർ തുക അന്തർദേശീയ നിലവാരമനുസരിച്ച് കൂടുതലല്ലെന്ന് കേന്ദ്രഗവൺമെന്റ് സ്ഥാപനമായ എൻ.എച്ച്.പി.സി. നടത്തിയ ഒരു താരതമ്യപഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഐ) കുറ്റ്യാടി വിപുലീകരണ പദ്ധതി ഒന്നാംഘട്ടത്തിന്റെ ജോലികൾ നല്കിയിട്ടുണ്ട്.

(ജെ-എൽ) 29-5-1995-ൽ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി ജോലിയും യന്ത്രോപകരണങ്ങൾ നൽകുന്ന ജോലിയും 24-2-1996-ലെ അനുബന്ധ കരാർപ്രകാരവും നൽകുകയുണ്ടായിട്ടുള്ളത്.

(എം) മൊത്തം കരാർ തുക 31.3 ദശലക്ഷം കനേഡിയൻ ഡോളർ.

(എൻ) ചെയ്തിരുന്നു.

(ഒ) ദർഘാസുകളുടെ വിലയിരുത്തൽ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(പി) 1. ട്രാക്ടബൽ എഞ്ചിനീയറിംഗ് ഇന്റർനാഷണൽ

2. സി.എച്ച്.ഇ.എൽ. ആന്റ് എൽ. ആന്റ് റ്റി. കൺസോർഷ്യം.

3. സി.എം.ഇ.-സി.സി.ഡബ്ല്യു.-എച്ച്.ഇ.സി. ഈ ദർഘാസുകളുടെ വിലയിരുത്തൽ പൂർത്തിയായവർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ക്യു) കമ്മീഷനുകൾ അംഗീകരിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

(ആർ) പ്രൈസ് വിത്ത് 17-4-2000-ലാണ് തുറന്നത്.

(എസ്&റ്റി) ഇവാല്യുവേറ്റ് ചെയ്യുകയുണ്ടായി.

കണ്ണൂർ താപവൈദ്യുത നിലയം

118 (343) ശ്രീ. തമ്പാനൂർ രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന താപവൈദ്യുത നിലയങ്ങൾക്ക് നാഫ്ത അനുവദിക്കുന്നതുസംബന്ധിച്ച സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയ ശുപാർശയെ ചോദ്യം ചെയ്തുകൊണ്ട് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഡബ്ല്യു.ഐ.എസ്.ഇ. എന്ന കമ്പനി സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത കേസിൽ സംസ്ഥാന ഗവൺമെന്റ് ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ അക്കാലത്ത് ധാരണാ പത്രം ഒപ്പുവച്ച ഒൻപത് വൈദ്യുത പദ്ധതികളിൽ കണ്ണൂർ പദ്ധതിയാണ് ഏറ്റവും കുറഞ്ഞ ഉല്പാദന ചെലവെന്നും ലാഭമുണ്ടാക്കാനുള്ള സാദ്ധ്യതയെന്നും പറഞ്ഞിരുന്നോ ;

(സി) അന്ന് ഒപ്പുവച്ച ധാരണാപത്രം ഒപ്പുവച്ച പദ്ധതികളെപ്പറ്റി പ്രമുഖ അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയായ "ക്രിസിൽ" നടത്തിയ സ്വതന്ത്രപഠനത്തിന്റെയും കെ.എസ്.ഇ.ബി. നടത്തിയ താരതമ്യപഠനത്തിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ പദ്ധതിയുടെ ചെലവിനെയും അതിന്റെ ലാഭബാദ്ധ്യതയേയും പറ്റിയുള്ള നിഗമനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പിന്നീട് കണ്ണൂർ പദ്ധതിയുടെ വൈദ്യുതിക്ക് കൂടിയ വില നൽകേണ്ടതായി വരുമെന്ന് മനസ്സിലാക്കിയത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കണ്ണൂർ പദ്ധതിക്ക് നാഫ്ത അനുവദിക്കുവാൻ ശുപാർശ ചെയ്ത സന്ദർഭത്തിൽ അതിൽ നിന്നുള്ള വൈദ്യുതിയുടെ വില എന്തു വരുമെന്നാണ് കണക്കാക്കിയിരുന്നത് ;

(എഫ്) പ്രസ്തുത സംരംഭത്തിൽ നിന്ന് എടുക്കുന്ന വൈദ്യുതിക്ക് എന്തു വില നൽകേണ്ടതായിവരുമെന്നാണ് ഇപ്പോൾ കണക്കാക്കുന്നത് ;

(ജി) എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം കണക്കാക്കിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇതു സംബന്ധിച്ച് ഡബ്ല്യൂ.ഐ.എസ്.ഇ. എന്ന കമ്പനി ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ നിന്ന് അനുകൂലമായ വിധി നേടുകയുമാണുണ്ടായത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ പ്രത്യേക സത്യവാങ്മൂലം ഫയൽ ചെയ്തതായി കാണുന്നില്ല.

(സി) "ക്രിസിൽ" നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് തയ്യാറാക്കിയ കുറിപ്പിൽ കണ്ണൂർ പദ്ധതിയുടെ ചെലവിനേയും അതിന്റെ ലാഭസാദ്ധ്യതയേയും കുറിച്ച് പ്രത്യേക നിഗമനങ്ങളൊന്നും പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) വിവിധ നിലയങ്ങൾക്ക് നാഫ്ത അനുവദിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കിയപ്പോൾ പ്രസ്തുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് നൽകേണ്ടി വരുന്ന ഫിക്സഡ് ചാർജ്ജ് മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനു പുറമേ ഇന്ധനവിലയെ അടിസ്ഥാനമാക്കി വേരിയബിൾ ചാർജ്ജും

LIBRARY ARCHIVES Kerala Legislative Assembly

നൽകേണ്ടതായുണ്ട്. കണ്ണൂർ പദ്ധതി നാഫ്ത ഇന്ധനമായുള്ളതാണ്. നാഫ്തയുടെ വില ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇതുമൂലം നാഫ്ത അടിസ്ഥാനമായുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് കൂടിയ വില നൽകേണ്ടിവരുമെന്ന് മനസ്സിലായി.

(എഫ്&ജി) അന്തിമ വൈദ്യുതി വാങ്ങൽ കരാറി (പവർപർച്ചേസ് എഗ്രിമെന്റ്)ന്റെ അടിസ്ഥാനത്തിൽ മാത്രമേ വില നിശ്ചയിക്കാനാവൂ.

കണ്ണൂർ പവർ പ്രോജക്ട്

119 (344) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ പവർ പ്രോജക്ടിന്റെ പങ്കാളിയായി "എൽപാസോ" എന്ന അമേരിക്കൻ കമ്പനിയെ അംഗീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് ശുപാർശ ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ആ ശുപാർശ ഗവൺമെന്റ് പരിഗണിച്ചുവോ ;

(സി) ഇതു സംബന്ധിച്ച് എന്തു തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇതു സംബന്ധിച്ച് ഫയലുകൾ സംസ്ഥാന അഡ്വക്കേറ്റ് ജനറലിന് കേസ്സുമായി ബന്ധപ്പെട്ട് അയച്ചുകൊടുത്തിരിക്കയാണ്. ഇത് ലഭ്യമാക്കി പരിശോധിച്ച് വിവരം പിന്നീട് നല്കുന്നതാണ്.

പ്രീമോ പൈപ്പ് ഫാക്ടറി ഏറ്റെടുക്കൽ

120 (345) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുത്തൂരിൽ പ്രവർത്തിച്ചിരുന്ന കേരള പ്രീമോ പൈപ്പ് ഫാക്ടറിയുടെ യൂണിറ്റ് വൈദ്യുതി ബോർഡ് ഏറ്റെടുത്ത സിമെന്റ് പോസ്റ്റുകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ കോഴിക്കോട് ജില്ലയിലെ തലകുളത്തുമിൽ ബോർഡിന് സ്വന്തമായി ഉള്ള സ്ഥലത്ത് ഒരു ഡിപ്പാർട്ടുമെന്റൽ പോൾകാസ്റ്റിംഗ് യാർഡ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സർക്കിളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly